പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2158 16.08.2017 ൽ മറുപടിയ്ക്ക്

**പി.യു. ചിത്രയ്ക്ക് ലോക മീറ്റിൽ പങ്കെടുക്കുവാൻ കഴിയാതെ പോയതിന്റെ കാരണങ്ങൾ**

ചോദ്യം

ശ്രീ.കെ.വി.വിജയദാസ്

മറുപടി

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | ദേശീയ കായിക ഫെഡറേഷന്റെ ഇടപെടലുകൾ പി.യു. ചിത്രയ്ക്ക് എതിരായി വന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | എ) | ഏഷ്യൻ ചാമ്പ്യൻഷിപ്പിൽ മെഡൽ നേടുന്നവർക്ക് ലോക ചാമ്പ്യൻഷിപ്പിൽ മത്സരിക്കുന്നതിന് എൻട്രി ലഭിയ്ക്കുന്നതിന് അർഹതയുണ്ടായിട്ടും കുമാരി പി.യു.ചിത്രയെ ഇൻഡ്യൻ ടീമിൽ നിന്നും ഒഴിവാക്കുകയായിരുന്നു. കുമാരി.പി.യു.ചിത്ര തന്നെ ടീമിൽ ഉൾപ്പെടുത്താത്ത ഫെഡറേഷന്റെ തീരുമാനത്തെ ബഹു.കേരള ഹൈക്കോടതിയിൽ ചോദ്യം ചെയ്യുകയും, കോടതി കുമാരി.പി.യു.ചിത്രയെ ഇന്ത്യൻ ടീമിൽ ഉൾപ്പെടുത്തുന്നതിന് ഉത്തരവു നൽകുകയുണ്ടായി. എന്നിട്ടും ടിയാൾക്ക് ഇന്ത്യൻ ടീമിൽ അംഗമാകാൻ കഴിഞ്ഞില്ല. |
| ബി) | ഇക്കാര്യത്തിൽ എന്തെല്ലാം അനഭിലഷണീയമായ പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളതെന്നും ഇതിനു പിന്നിൽ ഏതെങ്കിലും വ്യക്തികൾ പ്രവർത്തിച്ചിട്ടുണ്ടോ എന്നും പരിശോധിച്ചിട്ടുണ്ടോ; | ബി) | പരിശോധിച്ചിട്ടുണ്ട്. മലയാളികളായ സെലക്ഷൻ കമ്മിറ്റി അംഗവും സഹ പരിശീലകനും സെലക്ഷൻ കമ്മിറ്റിയിൽ ഉണ്ടായിരുന്നെ- ങ്കിലും കുമാരി.പി.യു.ചിത്രയെ ഇന്ത്യൻ ടീമിൽ ഉൾപ്പെടുത്താത്ത കാര്യം കൗൺസിലിനേയോ പി.യു.ചിത്രയെയോ സർക്കാരിനെയോ യഥാസമയം അറിയിച്ചിരുന്നില്ല.<br><br>ഇതു കാരണം കുമാരി പി.യു.ചിത്രയ്ക്ക് സെലക്ഷൻ കമ്മിറ്റിയിലോ ബന്ധപ്പെട്ട അധികാരികൾ മുമ്പാകെയോ കോടതിയെ സമീപിയ്ക്കുന്നതിനോ കാലതാമസം നേരിട്ടു. മേൽ സാഹചര്യമാണ് സർക്കാരിനും, കൗൺസിലിനും ഇക്കാര്യത്തിൽ ഇടപെടുന്നതിന് കാലതാമസം ഉണ്ടായത്. |
| സി) | സർക്കാർ ഇക്കാര്യത്തിൽ എടുത്തിട്ടുള്ള മാതൃകാപരമായ സമീപനം തുടർന്നും അവഗണിയ്ക്കപ്പെടുന്ന താരങ്ങൾക്കും നൽകുന്നതിൽ ജാഗ്രത പുലർത്തുമോ? | സി) | ഇത്തരം സന്ദർഭങ്ങളിൽ മാതൃകാപരമായ സമീപനം തന്നെയാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ